## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2354

13.02.2013 ൽ മറുപടിയ്ക്ക്

### പുതിയ സഹകരണനിയമം

**ചോദ്യം**

ശ്രീ. റ്റി. വി. രാജേഷ്

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിലും ഘടനയിലും എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(എ) പാർലമെന്റ് പാസ്സാക്കിയ ഭരണഘടനാ (97-ാം ഭേദഗതി) നിയമം, 2011 ലെ വ്യവസ്ഥകൾ 15.02.2013 ന് മുൻപ് സംസ്ഥാന സഹകരണ നിയമത്തിൽ ഉൾപ്പെടുത്തി ടി നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. ആയത് പ്രകാരം സംഘങ്ങളുടെ പ്രവർത്തനത്തിലും ഘടനയിലും താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഭരണഘടനാ ഭേദഗതി നിയമത്തിൽ, സഹകരണ സംഘം ഭരണസമിതി അംഗങ്ങളുടെ എണ്ണം പരമാവധി 21 ആയും പ്രത്യേക സംവരണം ചെയ്തിട്ടുള്ള വനിതാ അംഗങ്ങളുടെ എണ്ണം 3 ൽ നിന്നും 2 ആയും ഭരണ സമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷമായും ഇടക്കാല ഒഴിവ് നോമിനേഷൻ വഴി നികത്തുന്നതിനും, ബാങ്കിംഗ്, മാനേജ്മെന്റ്, ഫിനാൻസ് അല്ലെങ്കിൽ സംഘത്തിന്റെ ഉദ്ദേശ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പരിചയം ഉള്ള 2 പേരെ കോ-ഓപ്റ്റ് ചെയ്യുന്നതിനും, സംഘം ഭരണ സമിതിയുടെ സൂപ്പർസെഷൻ 6 മാസത്തിലധികരിക്കരുതെന്നും, ബാങ്കിംഗ് ബിസിനസ് ചെയ്യുന്ന സംഘങ്ങൾക്ക് ആയത് ഒരു വർഷത്തിലധികരിക്കരുതെന്നും, സർക്കാർ സഹായം ലഭിച്ചിട്ടില്ലാത്ത സഹകരണ

സംഘങ്ങളുടെ ഭരണസമിതികളെ സൂപ്പർസീഡ് (പിരിച്ചുവിടാൻ) ചെയ്യാൻ പാടില്ലെന്നും, വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സംഘത്തിന്റെ ആഡിറ്ററുടെയും ആഡിറ്റിംഗ് ഫേമുകളുടെയും യോഗ്യതയും പരിചയവും സംസ്ഥാന നിയമത്തിൽ ഉൾപ്പെടുത്തുന്നതിനും, ആഡിറ്ററെ രജിസ്ട്രാർ അംഗീകരിച്ച പാനലിൽ നിന്നും നിയമിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനകം സംഘം ആഡിറ്റ് ചെയ്തിരിക്കണമെന്നും, അപ്പക്സ് സ്ഥാപനങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് സംസ്ഥാന നിയമസഭ മുമ്പാകെ സമർപ്പിക്കണമെന്നും, സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനകം പൊതുയോഗം കൂട്ടുന്നതിനും, എല്ലാ സഹകരണ സംഘങ്ങളുടെയും തെരഞ്ഞെടുപ്പ് ഒരു പ്രത്യേക അധികാര സ്ഥാപനം നടത്തണമെന്നും, സംഘം മാനേജ്മെന്റ്/പ്രവർത്തനം എന്നിവയിൽ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘത്തിന്റെ രേഖകൾ, ബുക്കുകൾ എന്നിവ അധികാരപ്പെട്ട ആളിന് കൈമാറുന്നതിലെ വീഴ്ചയും, ഭരണസമിതി അംഗങ്ങളോ, ഓഫീസ് ചുമതലക്കാരനോ തെരഞ്ഞെടുപ്പിന് മുൻപോ തെരഞ്ഞെടുപ്പ് സമയത്തോ, ശേഷമോ അഴിമതി നടത്തുന്നത് കുറ്റങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയും ടി ഭരണഘടനാ ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ പരാമർശിച്ച വ്യവസ്ഥകളും അതോടൊപ്പം സംസ്ഥാനത്തെ സഹകരണ മേഖലയുടെ വളർച്ചക്കനുസൃതമായ ഭേദഗതികൾ സഹകരണ നിയമത്തിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) സംസ്ഥാന സഹകരണ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(സി) പുതിയ സഹകരണനിയമം വരുന്നതോടുകൂടി സഹകരണസംഘങ്ങളെ ശക്തിപ്പെടുത്താൻ കഴിയുമെന്ന് കരുതുന്നുണ്ടോ ; വിശദമാക്കുമോ ?

(സി) അംഗങ്ങളെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളികളാക്കുന്നതിനും, ക്രമമായി പൊതുയോഗം കൂടുന്നതിനും, ആഡിറ്റ് കാലാനുസൃതമാക്കുന്നതിനും ഭരണഘടനാ ഭേദഗതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിലൂടെ സഹകരണ സംഘങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തിക്കാനും അതു വഴി സംഘങ്ങൾ കൂടുതൽ ശക്തിപ്പെടുമെന്നും കരുതുന്നു.

സെക്ഷൻ ഓഫീസർ